(സി...എഫ്) വിവരം ശേഖരിച്ചു നല്കുന്നതാണ്.

25 (28) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിലെ വിവിധ വകുപ്പുകളിലേക്ക് നിയമനത്തിനായുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇതിൽ മുസ്ലീം സമുദായത്തിൽ ഏത് റാങ്ക് വരെയുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2000 നവംബർ മാസത്തിന് ശേഷം എൽ.ഡി.സി. നിയമനത്തിനായി റിപ്പോർട്ട് ചെയ്ത വേക്കൻസികളുടെ എണ്ണം എത്ര;

(സി) വിവിധ വകുപ്പുകളിലുള്ള എല്ലാ എൽ.ഡി.സി. ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 269 പേർക്ക് നിയമന ശുപാർശചെയ്തിട്ടുണ്ട്. മുസ്ലീം സമുദായത്തിൽപ്പെട്ട 730-ാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിക്കു വരെ നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ബി) 76.

(സി) ഓരോ വകുപ്പുകളിലുമുള്ള ഒഴിവുകൾ എത്രയും പെട്ടെന്ന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

26 (29) എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റ്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ എൽ.ഡി.ക്ലാർക്കുമാരുടെ നിയമനത്തിനു വേണ്ടി പി.എസ്.സി. തയ്യാറാക്കിയ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഉള്ള നിയമനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആലപ്പുഴ ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വ്യക്തമാക്കുമോ;

(സി) എത്ര ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

വ്യക്തമാക്കുമോ;

(ഡി) ബാക്കിവരുന്ന ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചുവോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ക്ലാർക്ക് തസ്തികകളിലേക്ക് 18.04.2000-ത്തിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 302 പേർക്ക് നിയമനശുപാർശ നൽകിയിട്ടുണ്ട്. ശേഷി

LIBRARY ARCHIVES Kerala Legislative Assembly